"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന വികസന പദ്ധതി - പാറ്റൂർ -ചൂരക്കാട്ടുപാളയം - റോഡ് വികസനം - എൽ.എ.ആർ 101/2010 നമ്പർ കേസ് - ബാലൻസ് വിധിക്കടത്തുക - ശ്രീ. ഗോപാലകൃഷ്ണൻ നായർക്ക് റിലീസ് ചെയ്യുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1533/2024/LSGD** **തീയതി,തിരുവനന്തപുരം, 16-08-2024**

---

പരാമർശം:- 1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 24/02/2024 തീയതിയിലെ എ3/2049/2020/ട്രിഡ നമ്പർ കത്ത്

2. സ.ഉ.(സാധാ) നം. 644/2024/തസ്വഭവ തീയതി 16/03/2024

3. സ.ഉ.(സാധാ) നം .5360/2024/ധന തീയതി 08/07/2024.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 993/4-2 (LA Re. Sy.No.993/15)-ൽപ്പെട്ടതും ശ്രീ. ഗോപാലകൃഷ്ണൻ നായരുടെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 0.08 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 101/2010 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 7,62,340/- രൂപ അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എൽ.എ.ആർ. 101/2010 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 7,62,340/- രൂപ (ഏഴ് ലക്ഷത്തി അറുപത്തിരണ്ടായിരത്തി മുന്നൂറ്റി നാൽപ്പത് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീ. ഗോപാലകൃഷ്ണൻ നായർക്ക് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം '4217-60-800-93 - Payment of Compensation in LAR Cases (Plan Charged)' എന്ന ശീർഷകത്തിൽ 7,63,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധികധനാനുമതിയുടെയും അടിസ്ഥാനത്തിൽ പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡ് വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 993/42 (LA Re. Sy.No.993/15)-ൽപ്പെട്ട 0.08 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 101/2010 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 7,62,340/- രൂപ (ഏഴ് ലക്ഷത്തി അറുപത്തിരണ്ടായിരത്തി

മുന്നൂറ്റി നാൽപ്പത് രൂപ മാത്രം) 4217-60-800-93 Payment of compensation in LAR Cases (Plan - Charged) എന്ന ശീർഷകത്തിൽ നിന്നും ടി കേസിലെ കക്ഷിയായ ശ്രീ. ഗോപാലകൃഷ്ണൻ നായർക്ക് (S/o തങ്കപ്പൻ നായർ, പരുത്തിക്കാട്, റ്റി.സി. 28/1528-27, ശ്രീകണ്ഠേശ്വരം, വഞ്ചിയൂർ, തിരുവനന്തപുരം) റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ശ്രീ. ഗോപാലകൃഷ്ണൻ നായർ, S/o തങ്കപ്പൻ നായർ, പരുത്തിക്കാട്, റ്റി.സി. 28/1528-27, ശ്രീകണ്ഠേശ്വരം, വഞ്ചിയൂർ, തിരുവനന്തപുരം (*ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന*).
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./ഇ & ആർ.എസ്.എ.), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ).
ധനകാര്യ വകുപ്പ് (WCD3/62/2024-Fin)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ.1/121 /2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 17-08-2024 16:51:46
സെക്ഷൻ ഓഫീസർ